## 983

ആകാശത്തേരതിൽ കർത്തൻ വന്നിടാറായ്
ആത്മനാഥൻ ചാരേ ചേരാൻ നേരമായ്
ആത്മസന്തോഷത്താൽ പുളകിതരായ് നാം
ആ സുദിനത്തിനായ് കാത്തിരുന്നിടാം

1 ക്ഷാമം മഹാവ്യാധി ഭൂകമ്പം യുദ്ധങ്ങൾ
അടിക്കടി ഭൂവിൽ പെരുകിടുമ്പോൾ
നമുക്കുണർന്നിടാം ബലം ധരിച്ചിടാം
ആ സുദിനത്തിനായ് കാത്തിരുന്നിടാം

2 ഭിന്നതവെടിയാം നമുക്കൊന്നായ് കൂടാം
ഭയഭക്തിയോടെ ഓട്ടം ഓടിടാം
ആർത്തുപാടി സ്തുതിക്കാം ഹല്ലേലുയ്യ പാടാം
ആ സുദിനത്തിനായ് കാത്തിരുന്നിടാം-

3 കഷ്ടതയിൻ നാളിൽ ശോധനവേളയിൽ
കർത്തൻ കൃപ നൽകും അനുദിനവും
കഷ്ടതകൾ തീരും കർത്തൻ ചാരെ ചേരും
ആസുദിനത്തിനായ് കാത്തിരുന്നിടാം- V.M.J.